**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 - ൽ റീസർവ്വെ നമ്പർ 577/9 -ൽപ്പെട്ട 21.25 സെന്റ് സ്ഥലം മത്സ്യത്തിന്റെ മൂല്യ ഉല്പന്നങ്ങളായ അച്ചാറുകൾ, കട്ലറ്റ്, ശീതികരിച്ച മത്സ്യം മുതലായവയുടെ ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനായി മത്സ്യ വികസന ഫെഡറേഷന് (മത്സ്യഫെഡ്) പാട്ടത്തിന് നല്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ). വകുപ്പ്**

സ.ഉ.(സാധാ) നം.1599/2023/LSGD തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:-

1. സ. ഉ. (സാധ)നം. 3759/1999/ത.സ്വ.ഭ.വ. തീയതി 13.12.1999
2. പാട്ടം ഉടമ്പടി നമ്പർ 738/2020 തീയതി 03.07.2020 -
3. മുളക്കുവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.04.2022 ലെ 12(7) നമ്പർ തീരുമാനം.
4. പഞ്ചായത്ത് ഡയറക്ടറുടെ 21.06.2022, 11.07.2022 എന്നീ തീയതിയികളിലെ PAN/8881/2022-C2(DP) നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മുളക്കുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 17 - ൽ സർവ്വെ നമ്പർ 577/9 -ൽപ്പെട്ട 27 ആർ പുരയിടം മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ ഗ്രാന്റും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് മുളക്കുഴ ഗ്രാമപഞ്ചായത്ത് 30.03.1992 - ൽ വിലയാധാരമായി വാങ്ങിയിരുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ടി ഭൂമിയിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സർക്കാർ അനുമതി നല്കി ഉത്തരവായിരുന്നു. പരാമർശം (2) ലെ പാട്ട ഉടമ്പടി പ്രകാരം പ്രസ്തുത ഭൂമി മുളക്കുഴ ഗ്രാമപഞ്ചായത്ത് ജനതാ വ്യവസായ സഹകരണ സംഘം കൊഴുവല്ലൂർ എന്ന സഹകരണ സംഘത്തിന് 03.07.2020 തീയതി മുതൽ പത്ത് വർഷത്തേയ്ക്ക് പാട്ടത്തിന് നല്കിയിരുന്നു.

2). മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഫിഷ് ലാന്റിങ്ങ്

സെന്ററുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ (മത്സ്യഫെഡ്) നേരിട്ട് മത്സ്യം സംഭരിച്ച് മത്സ്യത്തിന്റെ മൂല്യ ഉല്പന്നങ്ങളായ അച്ചാറുകൾ, കട്‌ലറ്റ്, ശീതികരിച്ച മത്സ്യം മുതലായവയുടെ ഉല്പാദന യൂണിറ്റ് മുളക്കുഴ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ഏകദേശം 5000 ച. അടിയുള്ള ഒരു കെട്ടിടം മുളക്കുഴ ഗ്രാമപഞ്ചായത്തിൽ പണിയുവാൻ മത്സ്യ ഫെഡിന് 21.25 സെന്റ് സ്ഥലം അനുവദിച്ച് നൽകണമെന്ന് മത്സ്യഫെഡ് മാനേജിങ്ങ് ഡയറക്ടർ മുളക്കുഴ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടതായും അതിൻപ്രകാരം മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 - ൽ സർവ്വേ നമ്പർ 577/9 -ൽപ്പെട്ട മുളക്കുഴ ഗ്രാമപഞ്ചായത്ത് വിലയധാരമായി വാങ്ങിയിട്ടുള്ള 27 ആർ പുരയിടത്തിൽ നിന്നും കെട്ടിടം പണിയുന്നതിന് ആവശ്യമായ 21.25 സെന്റ് സ്ഥലം മത്സ്യഫെഡിന് വിട്ടു നല്കുന്നതിന് പരാമർശം (3) പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം കൈക്കൊണ്ടതായും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും പരാമർശം (4) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3). ചെങ്ങന്നൂർ താലൂക്കിലെ മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നം. 17-ൽ സർവ്വേ നമ്പർ 577/9 ൽ ഉൾപ്പെട്ട 27 ആർ പുരയിടം പഞ്ചായത്ത് ആർജ്ജിച്ച ഭൂമിയായതിനാൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം (3) പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി പാട്ടത്തിന് നല്കാവുന്നതാണെന്നും എന്നാൽ ടി ഭൂമി നിലവിൽ ജനതാ വ്യവസായ സഹകരണ സംഘത്തിന് പരാമർശം (2) ലെ പാട്ട ഉടമ്പടി പ്രകാരം പാട്ടത്തിന് നല്കിയിരിക്കുന്നതിനാൽ ആയത് വീണ്ടും പാട്ടത്തിന് നല്കുന്നതിന് സാധ്യമല്ലായെന്നും ആവശ്യമുള്ള പക്ഷം നിലവിലെ പാട്ടം (പാട്ടവ്യവസ്ഥകൾ പരിഗണിച്ചുകൊണ്ട്) ഒഴിഞ്ഞുകൊണ്ട് പുതിയ പാട്ടക്കരാറിൽ ഏർപ്പെടാവുന്നതാണെന്നു നിയമവകുപ്പ് അറിയിച്ചിട്ടുണ്ട്.

4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ സർവ്വേ നമ്പർ 577/9 -ൽപ്പെട്ട മുളക്കുഴ ഗ്രാമപഞ്ചായത്ത് വിലയാധാരമായി വാങ്ങിയിട്ടുള്ള 27 ആർ പുരയിടത്തിൽ നിന്നും 21.25 സെന്റ് സ്ഥലം മത്സ്യത്തിന്റെ മൂല്യ ഉല്പന്നങ്ങളായ അച്ചാറുകൾ, കട്‌ലറ്റ്, ശീതികരിച്ച മത്സ്യം മുതലായവയുടെ ഉല്പാദന യൂണിറ്റ് മുളക്കുഴ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുവാനായി ഏകദേശം 5000 ച.അടിയുള്ള ഒരു കെട്ടിടം പണിയുന്നതിനായി മത്സ്യഫെഡിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം (3) പ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി നിലവിലെ പാട്ടം (പാട്ടവ്യവസ്ഥകൾ പരിഗണിച്ചുകൊണ്ട്) ഒഴിഞ്ഞുകൊടുക്കുന്ന മുറയ്ക്ക് മത്സ്യഫെഡുമായി പുതിയ പാട്ടക്കരാറിൽ ഏർപ്പെടുന്നതിന് മുളക്കുഴ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5). ഇക്കാര്യത്തിൽ പാട്ടക്കാലവധി/പാട്ട നിരക്ക് തുടങ്ങിയവ ഉൾപ്പെടുത്തിയ പാട്ടക്കരാർ ഏർപ്പെടുന്നതടക്കമുള്ള തുടർനടപടികൾ മുളക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രഞ്ജൻ രാജ് ആർ പി

ഡെപ്യൂട്ടിസെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം,
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
3. സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്,
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ മത്സ്യ
   വികസന ഫെഡറേഷൻ ക്ലിപ്തം നം. എഫ് (റ്റി) 738 (മത്സ്യഫെഡ്),
   മണക്കാട് പി. ഒ., തിരുവനന്തപുരം - 695 009,
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം,
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം,
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,
8. ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്,
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. ആർ.ഇ1/234/2023/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

Signed by
Bindu S
Date: 05-08-2023 15:25:53

സെക്ഷൻ ഓഫീസർ